# <u>ഈച്ചരൻ</u>

**[പ്രൊഫസ്സർ (ഡോ:) ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]**

അറിയണോ വിശ്വസിക്കണോ?
അറിഞ്ഞു വിശ്വസിക്കണോ
വിശ്വസിച്ച് അറിയണോ?
ഉത്തരക്കാതൽ മുകുളം
ചോദ്യോത്തര പംക്തി:
അറിവറിയുന്ന വിശ്വാസവും
വിശ്വാസം വിശ്വസിക്കുന്നറിവും
താനേ നയിക്കുന്ന ഈടറവിൽ
കണ്ണുപൂട്ടും വിശ്വാസച്ചെക്കനെ
അനുഗമിക്കുന്ന പെണ്ണറിവും;
കാലം തിരുത്തുന്ന അറിവ്
ഇടറാത്ത വിശ്വാസമെന്ന
പതറാത്ത അറിവെന്ന
പൂർവ്വോത്തര ജ്ഞാനവും.

അറിഞ്ഞറിഞ്ഞറിയുന്ന
നവധനം സൃഷ്ടിക്കുന്ന
വിശ്വാസ മൂലാധാരം.
വിശ്വസിച്ച അറിവ്
പകർപ്പു തീർക്കുന്നു;
അറിഞ്ഞ വിശ്വാസം
തീർത്തു പൊറുക്കുന്നു.
അറിവിലെ വിശ്വാസവും
വിശ്വാസമെന്ന അറിവും
ജനിമൃതിയുടെ ശ്വാസചക്രത്തിൽ
പരാർത്ഥ തീർത്ഥം തെളിക്കുന്നു.

ഒടുവിൽ കാലാളിൻ
നടുവിൽ നിന്ന്
ഏകാംഗ സ്വപ്നം
സംഘഗാനം നയിക്കുന്ന
വടി ചുഴറ്റുന്നു.
അതിന്റെ നിമ്നോന്നതം

മനംമാറ്റ വ്യാപന-
വ്യാപാരം നടത്തുന്നു.

ഏറ്റവും ഒടുവിൽ
സ്വയംനിർമ്മിത
മതതത്ത്വബോധിനി
പരമാധികാരിയുടെ
മുദ്രാങ്കിത കയ്യൊപ്പില്ലാതെ
സുതാര്യപത്രത്തിൽ
അച്ചടിക്കുന്നു:
“നിൻ ഈശ്വരനല്ല
എൻ ദേവിയും ദേവനും;
തന്റെ പ്രാർത്ഥനയല്ല
എന്റെ സ്തോത്രവും സ്തുതിഗീതവും;
ഓൻ നേരുന്ന സ്വർഗ്ഗമല്ല
എൻ കാംക്ഷിക്കും മോക്ഷവും കടാക്ഷവും!”
*************************************************************